**No. 124/2020**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

2020 -ലെ കാതോലിക്കാദിന ആചരണവും ധനസമാഹരണവും **2020 മാർച്ച് മാസം 29-ാം തീയതി** നടത്തുവാൻ നിശ്ചയിച്ചിരുന്നു എങ്കിലും അപ്രതീക്ഷിതമായി ഉണ്ടായ കോവിഡ് 19 പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ ആരാധനാലയങ്ങളിൽ ക്രമീകൃതമായ രീതിയിൽ സഭാ ദിനാചരണവും അനുബന്ധ പരിപാടികളും നടത്തുവാൻ സാധിച്ചിട്ടില്ലല്ലോ. ഏവർക്കും അറിവുള്ളതുപോലെ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിൽ വലിയൊരുപങ്കും നിർവ്വഹിക്കപ്പെടുന്നത് കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭ്യമാകുന്ന തുകയിൽ നിന്നാണ്. 2020-21 സാമ്പത്തികവർഷം തുടങ്ങിയിട്ട് മൂന്ന് മാസം പൂർത്തീകരിക്കപ്പെടുമ്പോൾതന്നെ പ. സഭ അതിരൂക്ഷമായ സാമ്പത്തികമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്ന സത്യം നിങ്ങളെ അറിയിക്കുകയാണ്. ഈ വിധത്തിൽ മുമ്പോട്ട് പോയാൽ നടപ്പുസാമ്പത്തിക വർഷത്തിലും വരുന്ന വർഷങ്ങളിലും അനുദിന ചെലവുകൾ കൂടാതെ വൈദിക ശമ്പളപദ്ധതി, മറ്റ് ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലായവ നടത്തുവാൻ യാതൊരു വഴിയും നാം കാണുന്നില്ല. ആകയാൽ ആ ഇടവക വികാരിയും ഭരണസമിതി അംഗങ്ങളും ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് കാതോലിക്കാദിന ധനസമാഹരണത്തിൽ വിശ്വാസികൾക്ക് ഇപ്പോൾ സാധ്യമാകുന്ന പരമാവധി തുക സമാഹരിച്ച് 2020 സെപ്റ്റംബർ 30-ാം തീയതിക്ക് മുമ്പായി സഭാകേന്ദ്രത്തിൽ അടയ്ക്കുവാനുള്ള ക്രമീകരണം ചെയ്യണം. ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധി മറികടക്കുന്നതിന് ഈ വിഷയത്തിൽ വൈദികരും ഇടവകയുടെ മറ്റ് ചുമതലക്കാരും പ്രത്യേകം ശ്രദ്ധ ചെലുത്തി ഈ ഉത്തരവാദിത്വം കാര്യക്ഷമമായി നിർവ്വഹിക്കണം. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കാതോലിക്കാദിന ധനസമാഹരണ സമ്മേളനങ്ങൾ ഒഴിവാക്കുന്നതിനാൽ ഓരോ ഇടവകയും സഭാ കേന്ദ്രത്തിലേക്ക് നേരിട്ട് തുക അയയ്ക്കുവാൻ ക്രമീകരണം ചെയ്യേണ്ടതാണ്. പ. സഭയോട് ചേർന്ന് നിന്നുകൊണ്ട് ഈ മഹാമാരിയെയും സഭ അഭിമുഖീകരിക്കുന്ന വിവിധതരത്തിലുള്ള വെല്ലുവിളികളെയും അതിജീവിക്കുവാൻ നമുക്ക് ഒരുമിച്ച് ദൈവത്തിൽ ശരണപ്പെടാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂൺ മാസം 17-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.